## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1123

14/06/2012 ൽ മറുപടിക്ക്

# പൊതു വിതരണ രംഗത്തെ അഴിമതി

**ചോദ്യം**

ശ്രീ. പി.എ.മാധവൻ
ശ്രീ. റ്റി.എൻ.പ്രതാപൻ
ശ്രീ. വർക്കല കഹാർ
ശ്രീ. വി.പി.സജീന്ദ്രൻ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) പൊതു വിതരണ രംഗത്തെ അഴിമതിയും കരിഞ്ചന്തയും തടയാൻ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) മൊത്ത വ്യാപാരികൾ ഭക്ഷ്യ ധാന്യങ്ങൾ വിട്ടെടുക്കുന്ന എഫ്.സി.ഐ ഗോഡൗണുകളിലും എ.ആർ.ഡികൾ സ്റ്റോക്ക് എടുക്കുന്ന മൊത്ത വ്യാപാര ഡിപ്പോകളിലും റേഷൻ സാധനങ്ങൾ വിതരണം നടത്തുന്ന ദിവസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നിയമിക്കാറുണ്ട്. റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന വാഹനങ്ങൾ തിരിച്ചറിയുന്നതിന് പ്രത്യേക തരത്തിലുള്ള സ്റ്റിക്കർ പതിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ റേഷൻ വിതരണ രംഗത്തെ പരാതികൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി ജില്ലാ താലൂക്ക് തലങ്ങളിൽ ഭക്ഷ്യ ഉപദേശക സമിതികൾ പ്രവർത്തിക്കുന്നുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പൊതു വിതരണം വഴിയുള്ള മണ്ണെണ്ണ വിതരണത്തിലെ ക്രമക്കേടുകൾ തടയാൻ എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ: | (ബി) | എണ്ണ കമ്പനികളിൽ നിന്നും വിട്ടെടുക്കുന്ന മണ്ണെണ്ണ വിതരണത്തിനായി കൊണ്ടു പോകുമ്പോൾ കരിഞ്ചന്തയിലേക്ക് കടത്തുന്നത് തടയുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. മണ്ണെണ്ണ അർഹതപ്പെട്ടവർക്കാണ് ലഭിക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനായി മണ്ണെണ്ണ സബ്സിഡി നേരിട്ട് പണമായി ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന ഒരു പദ്ധതി ആരംഭിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | റേഷൻ വിതരണത്തിലെ അപാകതകളും അഴിമതിയും കണ്ടെത്തുന്നതിനുള്ള ബയോമെട്രിക് സംവിധാനം എന്നു മുതൽ പ്രാവർത്തികമാക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | റേഷൻ വിതരണത്തിൽ ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച സാധ്യതാ പഠനങ്ങൾ നടത്തി വരുന്നു. |
| (ഡി) | റേഷൻ കടകളിലെ മണ്ണെണ്ണ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടുപിടിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ: | (ഡി) | റേഷൻ കടകളിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തി കുറ്റക്കാരെന്ന് കണ്ടെത്തുന്നവരെ 1968 -ലെ മണ്ണെണ്ണ നിയന്ത്രണ ഉത്തരവ് അനുസരിച്ച് ശിക്ഷാ നടപടികൾക്ക് വിധേയരാക്കാറുണ്ട്. |
| (ഇ) | റേഷൻ മണ്ണെണ്ണ കരിഞ്ചന്തയിൽ വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ ; എത്ര ലിറ്റർ മണ്ണെണ്ണ ഇപ്രകാരം വില്പന നടത്തിയതായി കണ്ടെത്തുകയുണ്ടായി എന്നും അറിയിക്കാമോ ? | (ഇ) | 41 കേസുകൾ, 37355 ലിറ്റർ മണ്ണെണ്ണ പിടിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ